**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1550** | | | **14/06/2013-ൽ മറുപടിക്ക്** |
|---|---|---|---|
| **ആശ്രയ പദ്ധതി** | | | |
| **ചോദ്യം**<br><br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. ലൂഡി ലൂയിസ്**<br>**ശ്രീ. പി.സി. വിഷ്ണുനാഥ്**<br>**ശ്രീ. കെ. മുരളീധരൻ** | | | **ഉത്തരം**<br><br>**ഡോ. എം. കെ. മുനീർ**<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) | ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം, വിശദമാക്കുമോ; | (എ) | കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ വരുന്ന നിരാശ്രയരും, അടിസ്ഥാന ജീവിത സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും, സൂമൂഹ്യമായി ബഹിഷ്കൃതരും, പാർശ്വവൽക്കരിക്കപ്പെട്ടവരും, യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയ പദ്ധതി. ഈ പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യവികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ചെയ്യുന്നത്. കുടുംബശ്രീയുടെ സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യപരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം, വീട് തുടങ്ങി ആവശ്യമായതെല്ലാം പ്രസ്തുത പദ്ധതി പ്രകാരം നൽകി വരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള പഞ്ചായത്തുകളിൽ ഇത്തരം വിഭാഗക്കാർക്കുവേണ്ടി പ്രത്യേക ആശ്രയ പദ്ധതികൾ നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവ കൂടാതെ പൊതുജനങ്ങളുടെ സഹകരണത്തോടെയുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |
| (സി) | സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കുന്നത് എത്ര ഗ്രാമപഞ്ചായത്തുകളിലാണ് വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്തെ 967 ഗ്രാമപഞ്ചായത്തുകളിലും 50 നഗരസഭകളിലും പ്രസ്തുത പദ്ധതി വിജകരമായി നടപ്പാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 79,914 അഗതി കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് കണ്ടെത്തുന്ന അർഹരായ ഗുണഭോക്താക്കൾക്കാണ് ആശ്രയ പദ്ധതി പ്രകാരം സഹായം അനുവദിക്കുന്നത്. |
| (ഡി) | പദ്ധതി നടപ്പാക്കാത്ത പഞ്ചായത്തുകളിൽ കൂടി ഈ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കുമോ? | (ഡി) | പദ്ധതി നടപ്പിലാക്കാത്ത ഗ്രാമപഞ്ചായത്തുകളിൽ എത്രയും പെട്ടെന്ന് പദ്ധതി നടപ്പിലാക്കുന്നതിന് ബഹു. മുഖ്യമന്ത്രി നേരിട്ട് പഞ്ചായത്തുകൾക്ക് കത്ത് അയച്ചിട്ടുണ്ട്. ഇതിനായി ജില്ലാതല റിവ്യൂ മീറ്റിംഗ്, പ്രോജക്ട് രൂപീകരണത്തിന് പരിശീലനം എന്നിവ ഉൾപ്പെടെയുള്ള വിവിധ നടപടികൾ നടപ്പാക്കുന്നുണ്ട്. പദ്ധതി ഉടൻ നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളിൽ പ്രോജക്ട് രൂപീകരണത്തിനായി രണ്ട് റിസോഴ്സ് പേഴ്സൺമാരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. പദ്ധതി നടപ്പാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം ഉൾപ്പെടെ തടഞ്ഞുവയ്ക്കുന്നതാണെന്ന് തീരുമാനവുമുണ്ട്. |

സെക്ഷൻ ഓഫീസർ